"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5684 02/07/2019 ൽമറുപടിയ്ക്ക്

## <u>കാട്ടുതീ നിയന്ത്രണം</u>

| <u>ചോദ്യം</u><br><br>ശ്രീ.പി.കെ.ബഷീർ : | | <u>മറുപടി</u><br><br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വന നശീകരണത്തിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കാട്ടു തീ മൂലമാണ് വനനശീകരണം കൂടുതലും സംഭവിയ്ക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, മണ്ണൊലിപ്പ്, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവയിലൂടെയും വനനശീകരണം സംഭവിയ്ക്കുന്നുണ്ട്. കൂടാതെ, അനധികൃതമായ കന്നുകാലിമേച്ചിൽ, വിറകിനും മറ്റുമായി കാട്ടുതടികൾ ശേഖരിക്കൽ, അനധികൃതമായ കടന്നുകയറ്റത്തിലൂടെയുള്ള കാട് കത്തിക്കൽ, കൃഷിക്കും മറ്റുമായുള്ള വനം കൈയ്യേറ്റം എന്നിവയിലൂടെയും വന നശീകരണം സംഭവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2016-19 കാലഘട്ടത്തിൽ കാട്ടുതീ മൂലം എത്ര ഹെക്ടർ വനമാണ് കത്തി നശിച്ചതെന്ന് അറിയിക്കാമോ; | (ബി) | 2016-17 ഫയർ സീസണിൽ 2989.68 ഹെക്ടറും, 2017-18 ഫയർ സീസണിൽ 1059.16 ഹെക്ടറും, 2018-19 ഫയർ സീസണിൽ 1788.78 ഹെക്ടറും കത്തി നശിച്ചിട്ടുണ്ട് (ഡിസംബർ മുതൽ തൊട്ടടുത്ത കലണ്ടർ വർഷം മെയ് വരെയാണ് ഫയർ സീസൺ) |
| (സി) | കാട്ടുതീയുടെ നിയന്ത്രണത്തിനായി ഫയർ ട്രെയിനിംഗ് സെന്റർ എവിടെയെല്ലാമാണ് പ്രവ്വത്തിക്കുന്നത്; പ്രസ്തുത സെന്ററിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | വനം വകുപ്പിന്റെ കീഴിൽ അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രയിനിംഗ് ഇൻസ്റ്റിട്യൂട്ടിന്റെ നിയന്ത്രണത്തിൽ ഫയർ ട്രയിനിംഗ്-കം-ഡിപ്പോസെന്റർ നിലവിലുണ്ട്. ടി ട്രയിനിംഗ് സെന്ററിൽ റെയ്ഞ്ച് ഫോറസ്റ്റ് ആഫീസർ-1, സെക്ഷൻ ഫോറസ്റ്റ് ആഫീസർ-1, അറ്റൻഡർ-1 എന്ന ക്രമത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | വനം വകുപ്പിലെ ജീവനക്കാർക്ക് കാട്ടുതീ നേരിടുവാൻ എന്തൊക്കെ പരിശീലനമാണ് നിലവിൽ നൽകുന്നത്; | (ഡി) | വനം വകുപ്പിലെ ജീവനക്കാർക്ക് കാട്ടുതീ നേരിടുവാൻ അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രയിനിംഗ് ഇൻസ്റ്റിട്യൂട്ടിൽ പ്രത്യേക ട്രയിനിംഗ് നൽകുന്നില്ല. എന്നിരുന്നാലും വനം വകുപ്പിലെ ഫ്രണ്ട്ലൈൻ സ്റ്റാഫുകൾക്ക് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകാറുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അതിനായുള്ള ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (ഇ) | കാട്ട്തീ പ്രധിരോധത്തിനായി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ<br><br>പ്രതിരോധ പ്രവർത്തനങ്ങൾക്കായി Fire extinguisher, Fire blower, Power saw, Gum boot, Safety helmet, Gloves, Search light, Sleeping bag, Fire beater, Weed cutter, Sprayer, Chain saw, Fire racker, Knapsac sprayer pump with hose, Billhooks, Jacket തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.<br><br>കൂടാതെ കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടിക്രമം പൂർത്തീകരിച്ചു വരുന്നു. |

Praveen

സെക്ഷൻ ഓഫീസർ